പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 986 30.1.2019 ലെ മറുപടി

ചേലക്കര സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ബഹു.ജലവിഭവ വകുപ്പമന്ത്രി | |
|---|---|---|---|
| എ) | 407 പട്ടികജാതി കോളനികളും 5 പട്ടികവർഗ്ഗ കോളനികളും ഉള്ള ചേലക്കര നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് ജല അതോറിറ്റിയുടെ കീഴിൽ തിരുവില്ല്വാമല, പഴയന്നൂർ, കൊണ്ടാഴി എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളും വടക്കാഞ്ചേരി നഗരസഭയും ചേർത്തും സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) യും ബി) യും ബി) | പ്രാഥമിക സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. രൂപകല്പന അവസാന ഘട്ടത്തിലാണ്. |
| ബി) | ഇത് സംബന്ധിച്ച സാദ്ധ്യതപഠനം വാട്ടർ അതോറിറ്റി നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| സി) | ഭാരതപ്പുഴയും ഗായത്രിപ്പുഴയും അതിലെ തടയണകളും ഉണ്ടായിട്ടും വേനൽക്കാലാരംഭത്തിൽ തന്നെ ടാങ്കറിൽ വെള്ളം എത്തിക്കേണ്ട അവസ്ഥ മണ്ഡലത്തിലെ പലഭാഗങ്ങളിലും ഉള്ളത് കണക്കിലെടുത്ത് സമഗ്ര കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | സി) | ഭാരതപ്പുഴയും ഗായത്രിപ്പുഴയും ചേരുന്ന കുട്ടിൽമുക്കിലെ തടയണ ഉപയുക്തമാകുന്ന രീതിയിൽ തിരുവില്ല്വാമല, പഴയന്നൂർ, കൊണ്ടാഴി എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് . ഭാരതപ്പുഴയിലെ ചെറുതുരുത്തി തടയണ ആധാരമാക്കി ചേലക്കര, മുള്ളൂർക്കര, പാഞ്ഞാൾ എന്നീ പഞ്ചായത്തുകൾക്കും വടക്കാഞ്ചേരി നഗരസഭയ്ക്കും വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഭാരതപ്പുഴയിലെ ചെങ്ങണാംകുന്ന് തടയണ ആധാരമാക്കി ദേശമംഗലം , വേലൂർ, കടങ്ങോട് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാലയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ